# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 5473** **01.07.2014- ൽ മറുപടിക്ക്**

## കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

**ചോദ്യം**
**ശ്രീ.കെ.കെ.നാരായണൻ**

(എ) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വ്യവസായ വകുപ്പ മന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് കൈത്തറി ഡയറക്ടർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളി പ്പെടുത്തുമോ?

**ഉത്തരം**
**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) (ബി) & (സി) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് കേരളാ ഹാന്റ്‌ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിന്മേൽ 01.02.2013-ന് വ്യവസായവകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. നിവേദനത്തിലെ ഓരോ ആവശ്യവും പ്രത്യേകം പ്രത്യേകം പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ടി യോഗത്തിൽ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് കൈത്തറി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നിവേദനത്തിലെ ആവശ്യങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ വിവരം അസോസിയേഷൻ ഭാരവാഹികളെ അറിയിച്ചിരുന്നു . കൂടാതെ കേന്ദ്ര സർക്കാരിന്റെ 10% പ്രൈസ് സബ്സിഡി ലഭിക്കുന്നവർക്കും സംസ്ഥാന സർക്കാരിന്റെ 5% കഴിവുൽ സബ്സിഡി അനുവദിച്ചു കൊണ്ട് 04.06.2014-ൽ സർക്കാർ ഉത്തരവ് (സാധ) നം.569/14/വ്യവ ആയി ഉത്തരവ് പുറപ്പെടുവിച്ചു.

നിവേദനത്തിന്റെ മറ്റ് ആവശ്യങ്ങളായ സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ കൈത്തറി യൂണിഫോം ഉൽപാദനവും വിതരണവും കൈത്തറി സംഘങ്ങളെ ഏൽപ്പിക്കുക, കളക്ടീവ് വീവിംഗ് സെന്റർ നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുക, കൈത്തറി മേഖലയ്ക്ക് മാത്രമായി ജില്ലാതല പ്രോജക്ട് ഓഫീസുകൾ സ്ഥാപിക്കുക, കൈത്തറി തൊഴിലാളി കൾക്കും കുറഞ്ഞ പലിശ നിരക്കിൽ ഭവനവായ്പ അനുവദിക്കുക എന്നീ ആവശ്യങ്ങളിന്മേൽ വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൈത്തറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ